കാലം ഇവിടെ ഈ തരത്തിലൊക്കെ സംഭവിക്കു എന്നുള്ള വിധത്തിലാണ് സർ, ജനങ്ങളിരിക്കുന്നത്. എന്തെങ്കിലും ഒരു യജ്ഞം നടത്തി, പാഞ്ചാം യജ്ഞത്തിനു പകരം വല്ല മാളയജ്ഞമോ മറ്റോ നടത്തി ഈ രക്തരക്ഷസിനെ വല്ലയിടത്തുമൊന്നു പിടിച്ചു തളച്ചിട്ടെങ്കിൽ മാത്രമേ രക്ഷയുള്ളു എന്നുള്ള വിധത്തിലാണു സർ, ഈ രാജ്യത്തെ ജനങ്ങളാകമാനം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ ഇരട്ടക്കൊലപാതകത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ ഈ രണ്ടു സ്ത്രീകളും അവരുടെ ഒരു മകനും ഒരു ശമ്പളക്കാരനുമായിരുന്നു. 26-ാം തീയതി ആ വീട്ടിലുണ്ടായിരുന്നത്. 25-ാം തീയതി അവരുടെ ഭർത്താവും മറ്റുള്ളവരുമൊക്കെ മറ്റൊരു വീട്ടിൽ പോയിരിക്കുകയായിരുന്നു. ഈ സംഭവത്തെ സംബന്ധിച്ച് വയനാട് ഡി. എസ്. പി. യുടെ നേതൃത്വത്തിൽതന്നെ വിശദമായ അന്വേഷണം നടത്തി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ ആവശ്യമായ തെളിവ് ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(20) ഏറ്റുമാനൂർ താലൂക്ക് രൂപീകരണം

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, രാജഭരണകാലത്ത് നിലവിലിരുന്നതു 45 വർഷങ്ങൾക്കുമുമ്പ് നിർത്തലാക്കിയതുമായ ഏറ്റുമാനൂർ താലൂക്ക് പുനരാരംഭിക്കണമെന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. അത് ഒരു താലൂക്ക് കേന്ദ്രമാകാത്തതിന്റെ ഫലമായി അവിടെ വികസനപരമായ പല കാര്യങ്ങളും ലഭിക്കാതെ പോകുന്നുവെന്നുള്ളത് കഷ്ടമാണ്. ഇന്ന് ആ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എട്ടു താലൂക്കുകളും അതുപോലെതന്നെ സമീപപ്രദേശങ്ങളിലുള്ള മീനച്ചൽ താലൂക്കിൽപ്പെടുന്ന കിടങ്ങൂർ, കാണക്കാരി, ഒളശ്ശാട്, വൈക്കം താലൂക്കിൽപ്പെടുന്ന മാഞ്ഞൂർ, കോനെല്ലൂർ, കല്ലറ, കോട്ടയം താലൂക്കിൽപ്പെടുന്ന അയർക്കുന്നം തുടങ്ങിയിട്ടുള്ള വില്ലേജുകൾക്കെല്ലാം ഇത് സൗകര്യപ്രദമാണ്. ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം ബഹുമാന്യനായ റവന്യൂവകുപ്പുമന്ത്രിയുടെയടുത്ത് നേരിട്ടും അതുപോലെ സബ്മിഷൻ മുഖേനയും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഏറ്റുമാനൂർ താലൂക്ക് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട ഇ. ജെ. ലൂക്കോസ് അവിടെനിന്നു തെരഞ്ഞെടുക്കപ്പെട്ട അന്നുമുതൽ ഈ ആവശ്യം നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. താലൂക്കുകൾ മൊത്തം പുന : സംഘടിപ്പിക്കുന്നസമയത്ത് ഇതും പരിഗണിക്കുന്നതാണ്.

(21) തുറവൂർ പഞ്ചായത്തിൽ വളമംഗലം പ്രദേശത്ത് പോലീസ് നടത്തിയ അതിക്രമം

ശ്രീമതി കെ. ആർ. ഗൗരി : സർ, അൽപ്പം കൂടുതൽ പറയാനുള്ളതുകൊണ്ടാണ് ഞാൻ അടിയന്തിരപ്രമേയവുമായിട്ടു വന്നത്. കഴിഞ്ഞ ഞായറാഴ്ച വെളുപ്പിന് എന്റെ നിയോജകമണ്ഡലമായ തുറവൂർ, പഞ്ചായത്തിൽ വളമംഗലം പ്രദേശത്ത് വെടികെട്ടുകാർ പ്രത്യേകം താമസിക്കുന്ന ഒരു ഏരിയാ ഉണ്ട്. ആ ഏരിയായിൽ ഒരു വീട്ടിലുണ്ടാക്കി വച്ചിരുന്ന അമിട്ട് പൊട്ടി, ആ

LIBRARY ARCHIVES Kerala Legislative Assembly